

TUESDAY 18/02/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Suresh A R** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/02/2025

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പും പോഷക സമൃദ്ധി മിഷനും സംയുക്തമായി സംസ്ഥാനതല പരമ്പരാഗത വിത്ത് ഉത്സവം 2025 ഫെബ്രുവരി 22, 23, 24 തീയതികളിൽ ആലപ്പുഴ കഞ്ഞിക്കുഴി പി.പി.സ്വാതന്ത്ര്യം സ്മാരക കമ്മ്യൂണിറ്റി ഹാളിൽ വച്ച് സംഘടിപ്പിക്കുന്നു. 2025 ഫെബ്രുവരി 18 ചൊവ്വാഴ്ച്ച (വാർഡ് 17 ൽ ) കലാസാഗറിൽ ഓലമെടയൽ മൽസരം സംഘടിപ്പിക്കുന്നു. കൂടാതെ വൈകിട്ട് 5 മണിക്ക് വള്ളാട്ട് വായനശാല (വാർഡ് 5) യിൽ ചകിരിപിരി മത്സരവും സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9072712901 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. സംസ്ഥാനതല പരമ്പരാഗത വിത്തുത്സവത്തോടനുബന്ധിച്ച് സാംസ്കാരിക ഘോഷയാത്ര, പരമ്പരാഗത വിത്തിനങ്ങളുടെ പ്രദർശന കൈമാറ്റ മേള, കർഷക സെമിനാറുകൾ, അനുഭവം പങ്കുവയ്ക്കൽ, കലാപരിപാടികൾ, പരമ്പരാഗത ഭക്ഷ്യമേള എന്നിവ ഉണ്ടായിരിക്കുന്നതാണ്.

2. എല്ലാ കർഷകരും പി.എം കിസാൻ ഗുണഭോക്താക്കളും ഫെബ്രുവരി 28നകം കൃഷിവകുപ്പിന്റെ കാർഷിക സേവനങ്ങൾക്കായുള്ള കതിർ ആപ്പിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് എറണാകുളം ജില്ലയിലെ അങ്കമാലി കൃഷി ഓഫീസർ അറിയിച്ചു. കർഷകർ രജിസ്റ്റർ ചെയ്യുന്നതിനായി കരം അടച്ച രസീത്, ആധാർ കാർഡ്, ബാങ്ക്പാസ്ബുക്ക്, റേഷൻ കാർഡ്, മൊബൈൽ ഫോൺ എന്നിവ സഹിതം കൃഷി ഭവനിൽ എത്തേണ്ടതാണ് എന്ന് കൃഷി ഓഫീസർ അറിയിച്ചു.

3. വളർത്തുമൃഗങ്ങളുടെ ചികിത്സക്ക് അത്യാധുനിക സൗകര്യങ്ങളോടെ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റ് സജ്ജമായി. അടിയന്തര മൃഗചികിത്സാ സേവനം വീട്ടുമുറ്റത്തെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇതൊരുക്കിയത്. മൃഗങ്ങളെ ഉയർത്താനുള്ള ലിഫ്റ്റിങ് മെഷീൻ, പോർട്ടബിൾ എക്സ്റേ, അൾട്രാ സൗണ്ട് സ്കാനിങ്, ജീവൻരക്ഷാ മരുന്നുകൾ, ശസ്ത്രക്രിയ സൗകര്യങ്ങൾ എന്നിവയുൾപ്പെടെ ആംബുലൻസിൽ ലഭ്യമാണ്. രാവിലെ എട്ട് മുതൽ രാത്രി എട്ട് വരെയാണ് സേവനം. രണ്ട് വെറ്ററിനറി സർജൻമാർ, രണ്ട് അനിമൽ ഹാൻഡ്ലേഴ്സ് ഉൾപ്പെടെയുള്ള യൂണിറ്റ് രണ്ടു ഷിഫ്റ്റുകളിലായാണ് പ്രവർത്തിക്കുക. സേവനങ്ങൾക്കായി 1962 എന്ന ടോൾ ഫ്രീനമ്പറിൽ വിളിക്കാം.

4. പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കാൻ അപേക്ഷ ക്ഷണിച്ചു. പച്ചക്കറികൾക്കും പഴവർഗങ്ങൾക്കും പുറമെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഫാർമേഴ്സ്/ഫാർമർ പ്രൊഡ്യൂസഴ്സ് കമ്പനി, കൃഷിക്കൂട്ടങ്ങൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങളും ഹോർട്ടിസ്റ്റോറിൽ ലഭിക്കും. സംരംഭകർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിങ്), പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൊല്ലം വിലാസത്തിലോ, 9447472678. 6282339434, 9995058240, 9947564104 നമ്പറുകളിലോ ബന്ധപ്പെടാം.

5. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും 01/04/2025 മുതൽ 31/03/2025 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 28/02/2025-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ് 1000 രൂപ നിരതദ്രവ്യടെച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### പരിശീലന പരിപാടി

6. വാനൂരിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ ഫെബ്രുവരി 20 മുതൽ 25 വരെ പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ക്ഷീര കർഷകർക്കായി ക്ഷീരോൽപ്പന്ന നിർമ്മാണത്തിൽ പരിശീലന പരിപാടി നടക്കും. പ്രവേശന ഫീസ് 135 രൂപ. ആധാർ, തിരിച്ചറിയൽ കാർഡിൻ്റെ പകർപ്പ് സഹിതം കർഷകർക്ക് പങ്കെടുക്കാം.പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഫെബ്രുവരി 18 ന് വൈകിട്ട് നാലിന് മുമ്പായി dd-dtc-pkd.dairy@kerala.gov.in. dtcalathur@gmail.com, 0492226040, 9074993554 ൽ രജിസ്റ്റർ ചെയ്യണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

7. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **ഫെബ്രുവരി 19, 20** എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

8. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഫെബ്രുവരി 19 മുതൽ 21 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481- 2353127, 7306464582** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം